**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2897** **13-12-2022 - ൽ മറുപടിയ്ക്ക്**

**രജിസ്ട്രേഷൻ വകുപ്പിലെ അഴിമതി തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം രജിസ്ട്രേഷൻ വകുപ്പിലെ അഴിമതികൾ ഇല്ലാതാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | അഴിമതി കുറയ്ക്കുന്നതിനും രജിസ്ട്രേഷൻ നടപടിക്രമം സുതാര്യമാക്കുന്നതിനും ഈ സർക്കാർ വന്നശേഷം വകുപ്പിൽ താഴെപ്പറയുന്ന പരിഷ്കാരങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. രജിസ്ട്രേഷൻ വകുപ്പിൽനിന്നുള്ള സേവനങ്ങൾ ഓൺലൈനായി നൽകുന്ന പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനോടൊപ്പം ആധാരങ്ങളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ പൂർണ്ണമായും ഓൺലൈനിൽ നൽകുന്ന സൗകര്യം പരീക്ഷണാടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിലെ ചാല, കുന്നത്തുകാൽ, കൊല്ലം ജില്ലയിലെ കൊട്ടാരക്കര പ്രിൻസിപ്പൽ എന്നീ സബ് രജിസ്ട്രാർ ഓഫീസുകളിൽ നടപ്പിൽ വരുത്തുകയുണ്ടായി. എല്ലാ സബ് രജിസ്ട്രാർ ഓഫീസുകളിലെയും ആധാരപകർപ്പുകൾ ഡിജിറ്റൈസ് ചെയ്തതിനു ശേഷം മറ്റ് ഓഫീസുകളിലേയ്ക്ക് ഇത് വ്യാപിപ്പിക്കുന്നതാണ്. വാണിജ്യ ബാങ്കുകളിൽ നിന്നും സൂക്ഷ്മ ചെറുകിട വ്യവസായങ്ങൾക്കുള്ള വായ്പാകരാറുകൾ ഓൺലൈനായി തയ്യാറാക്കുന്നതിനുള്ള ഡിജിറ്റൽ പ്ലാറ്റ്ഫോം നടപ്പിൽ വരുത്തുകയുണ്ടായി. ആധാര രജിസ്ട്രേഷന്റെ ഭാഗമായുള്ള വിരൽപ്പതിപ്പും ഫോട്ടോയും ഡിജിറ്റൽ രൂപത്തിൽ തന്നെ ആധാരത്തിന്റെ ഭാഗമാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു. ആധാര മാതൃകകൾ ലളിതവൽക്കരിച്ച് കമ്പ്യൂട്ടർ മുഖാന്തിരം തന്നെ ആധാരങ്ങൾ തയ്യാറാക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | സമീപകാലങ്ങളിൽ രജിസ്ട്രേഷൻ വകുപ്പിലെ അഴിമതിയുമായി ബന്ധപ്പെട്ട് ഉയരുന്ന ആക്ഷേപങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട് |

| | | | |
|---|---|---|---|
| (സി) | കമ്പ്യൂട്ടർവൽക്കരണം പൂർണ്ണമായും നടപ്പിലാക്കിയെന്ന് അവകാശപ്പെടുമ്പോഴും ഇത്തരത്തിലുള്ള അഴിമതി തടയാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ? | (സി) | രജിസ്ട്രേഷൻ വകുപ്പിലെ കമ്പ്യൂട്ടർ വത്ക്കരണ പരിപാടികളുടെ പ്രഖ്യാപിത ലക്ഷ്യം തന്നെ ജീവനക്കാരുടെ കാര്യക്ഷമതാ വർദ്ധന, സേവനങ്ങളിലെ കാലതാമസം ഒഴിവാക്കുക, നടപടി ക്രമങ്ങൾ ലളിതവത്ക്കരിക്കുകയും സുതാര്യവും ആക്കുക തുടങ്ങിയവയാണ്. സബ് രജിസ്ട്രാർ ഓഫീസുകളിലെ അമിത ജോലിഭാരവും സുതാര്യതയില്ലായ്മയുമാണ് അഴിമതിക്ക് ഒരു പരിധിവരെ സാഹചര്യം ഒരുക്കിയിട്ടുള്ളത്. മുൻകാലങ്ങളിൽ ആധാരപ്പകർപ്പുകൾക്കും ബാധ്യതാ സർട്ടിഫിക്കറ്റുകൾക്കും വലിയ കാലതാമസം നേരിട്ടിരുന്ന അവസ്ഥയിൽ നിന്നും ഇന്റർനെറ്റ് അധിഷ്ഠിത സേവന പ്രദാനത്തിലൂടെ സബ് രജിസ്ട്രാർ ഓഫീസുകളിൽ പോകാതെ തന്നെ ബാധ്യതാ സർട്ടിഫിക്കറ്റുകൾ ഓൺലൈനിൽ ലഭ്യമാക്കിയതിലൂടെ ഒരു പരിധി വരെ അഴിമതി കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇതു കൂടാതെ ആധാരപ്പകർപ്പുകൾ ഓഫീസിൽ പോകാതെ തന്നെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ പരീക്ഷണാടിസ്ഥാനത്തിൽ സംസ്ഥാനത്തെ അഞ്ച് സബ് രജിസ്ട്രാർ ഓഫീസുകളിൽ നടന്നു വരുന്നു. ഈ പരിഷ്കാരവും ഇനി വകുപ്പിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന മറ്റ് കമ്പ്യൂട്ടർ അധിഷ്ഠിത പരിഷ്കാരങ്ങളും സംസ്ഥാന വ്യാപകമായി പൂർത്തിയാകുന്ന മുറയ്ക്ക് വകുപ്പിലെ അഴിമതി പരമാവധി കുറയ്ക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ ചില ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുള്ള അനഭിലഷണീയ പ്രവണതകൾ കുറയ്ക്കുന്നതിനായി വകുപ്പ തലത്തിൽ മിന്നൽ പരിശോധനകളും Internal Audit ഉം കാര്യക്ഷമമായി നടത്തിവരുന്നുമുണ്ട്. |

സെക്ഷൻ ഓഫീസർ